(സി) ആകെ 7,65,139 രൂപ ചെലവായി.

(ഡി-ജി) ഈ സംഗമത്തിന്റെ തുടർച്ചയായി പല പുതിയ വ്യവസായ സംരംഭങ്ങളും കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള ശ്രമം നടന്നു വരുന്നു. ഫലം അറിയുവാനുള്ള സമയമായിട്ടില്ല.

നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ

7 (570) ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യവസായ ശാലകളിൽ തൊഴിൽ തർക്കം മൂലം 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ എത്ര തൊഴിൽദിനങ്ങൾ നഷ്ടമായി ;

(ബി) ഈ കാലഘട്ടത്തിൽ സമരംമൂലം എത്ര തൊഴിൽ ദിനങ്ങൾ നഷ്ടമായി ;

(സി) ലോക്കൗട്ടുമൂലം ഈ കാലത്ത് എത്ര തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടു ?

ഉത്തരം

(എ) നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളുടെ കണക്ക് താഴെ ചേർത്തിരിക്കുന്നു.

1997-98	-	1178924 തൊഴിൽ ദിനങ്ങൾ
1998-99	-	1397621 "
1999-2000	-	2887110 "

(ബി) ഈ കാലഘട്ടത്തിൽ സമരം മൂലം 2373320 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്.

(സി) ലോക്കൗട്ടുമൂലം ഈ കാലത്ത് 1746659 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

8 (571) ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻഗവൺമെന്റ് അധികാരമൊഴിയുമ്പോൾ സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലും എത്ര എണ്ണം നഷ്ടത്തിലും പ്രവർത്തിച്ചു വരികയായിരുന്നുവെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരമനുസരിച്ച് സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലും എത്രയെണ്ണം നഷ്ടത്തിലും പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ ഗവൺമെന്റ് പൊതുമേഖലയിൽ എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിരുന്നു ;

(ഡി) ഈ ഗവൺമെന്റ് വ്യവസായ വകുപ്പിന് കീഴിൽ പൊതുമേഖലയിൽ എത്ര വ്യവസായ സംരംഭങ്ങൾ പുതുതായി ആരംഭിച്ചു ;

(ഇ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്. പൊതുമേഖലയിലെ എത്ര വ്യവസായ സ്ഥാപനങ്ങളും സഹകാര്യ മേഖലയിലെ എത്ര വൻകിട വ്യവസായങ്ങളും അടഞ്ഞു കിടന്നുവെന്ന് അറിയിക്കാമോ ;

(എഫ്) ഈ ഗവൺമെന്റിന്റെ കാലത്ത് പൊതുമേഖലയിൽ എത്ര വ്യവസായ സ്ഥാപനങ്ങളും സഹകാര്യ മേഖലയിൽ എത്ര വൻകിട വ്യവസായ സ്ഥാപനങ്ങളും അടഞ്ഞു കിടക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(ജി) ഈ ഗവൺമെന്റ് തുടക്കം കുറിച്ച വ്യവസായ പുനരുദ്ധാരണ നിധിയുടെ ആദ്യഘട്ടത്തിൽ എന്തു തുക സമാഹരിച്ചുവെന്നും എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(എച്ച്) പ്രസ്തുത നിധിയുടെ രണ്ടാംഘട്ടത്തിൽ എന്തു തുക സമാഹരിച്ചുവെന്നും എന്തു തുക ഇതിൽ നിന്നും ചെലവഴിച്ചുവെന്നും അറിയിക്കാമോ ;

(ഐ) പ്രസ്തുത നിധിയിൽ നിന്ന് പണം അനുവദിച്ച ഏതൊക്കെ വ്യവസായസ്ഥാപനങ്ങൾക്ക് ട്രഷറി നിയന്ത്രണം മൂലം തുക ചെലവഴിക്കാനാവാതെ വന്നുവെന്നും ഇപ്രകാരം ട്രഷറികളിൽ എന്തു തുക അവശേഷിക്കുന്നുവെന്നും അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുൻ ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ 42 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലും 43 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചു വരികയായിരുന്നു. ലാഭമുണ്ടാക്കിയ 42 സ്ഥാപനങ്ങളിൽ മൊത്തം 13093.84 ലക്ഷം രൂപ ലാഭമുണ്ടാക്കിയപ്പോൾ 43 സ്ഥാപനങ്ങൾ 25418.44 ലക്ഷം രൂപ നഷ്ടമുണ്ടാക്കി. മൊത്തം 11324.55 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായി.

(ബി) ഏറ്റവും ഒടുവിൽ ലഭ്യമായിട്ടുള്ള 1999-2000 വർഷത്തെ കണക്കുപ്രകാരം 45 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലും 51 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചു. ലാഭമുണ്ടാക്കിയ 45 സ്ഥാപനങ്ങളിലുമായി മൊത്തം 28544 ലക്ഷം രൂപയും നഷ്ടത്തിൽ പ്രവർത്തിച്ച 51 സ്ഥാപനങ്ങൾ മൊത്തം 33166 ലക്ഷം രൂപയുടെ നഷ്ടവും ഉണ്ടാക്കി. എല്ലാ സ്ഥാപനങ്ങളും കൂടി മൊത്തം ഉണ്ടാക്കിയ നഷ്ടം 4622 ലക്ഷം രൂപയാണ്.

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പുതിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.
2. കേരള ഇൻഡസ്ട്രീയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

ഇതിൽ മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷന് ഇതുവരെയും വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) വ്യവസായ വകുപ്പിന്റെ കീഴിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും എന്നാൽ പുനരുദ്ധരിക്കാൻ കഴിയുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് മുൻഗണന നൽകിയിട്ടുള്ളതിനാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിനു കീഴിൽ പൊതുമേഖലയിൽ പുതിയ സ്ഥാപനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല.

(ഇ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൊതുമേഖലയിലെ 9 വ്യവസായസ്ഥാപനങ്ങൾ അടഞ്ഞു കിടക്കുകയായിരുന്നു. ആയവയുടെ പേരു വിവരം അനുബന്ധം ഒന്നിൽ (1) കൊടുത്തിട്ടുണ്ട്.† സ്വകാര്യ മേഖലയിലെ പൂട്ടിക്കിടന്ന വൻകിട വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ഈ ഗവൺമെന്റിന്റെ കാലത്ത് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ പുതുതായി പൂട്ടിയിട്ടില്ല. മാത്രമല്ല അടഞ്ഞു കിടന്നിരുന്ന വ്യവസായ സ്ഥാപനങ്ങളിൽ കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡും, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസൂട്ടിക്കൽസ് ലിമിറ്റഡിന്റെ വിറ്റാമിൻ 'എ' ഡിവിഷനും തുറന്നു പ്രവർത്തിപ്പിക്കുകയുണ്ടായി. കേരള സ്റ്റേറ്റ് സാലിസിലേറ്റഡ് ആന്റ് കെമിക്കൽസ് ലിമിറ്റഡിൽ ഉണ്ടായിരുന്ന സാങ്കേതിക തകരാറുകൾ പരിഹരിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിക്കുകയും ചെയ്തു. സ്വകാര്യമേഖലയിൽ അടഞ്ഞു കിടക്കുന്ന വൻകിട വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 240 കോടി രൂപ അടിസ്ഥാനമുള്ള കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ചു. ഇതിൽ 180 കോടി രൂപ ബോണ്ടുകളുടെ വില്പനവഴിയും 60 കോടി രൂപ സർക്കാർ വിഹിതമായുമാണ് കണക്കാക്കിയിരുന്നത്. ജനുവരി 2000-ൽ ബോണ്ടുകളുടെ വില്പന വഴി 180 കോടി രൂപ സമാഹരിക്കുകയും സർക്കാർ വിഹിതമായി ഇതിനോടകം 45 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ വിഹിതത്തിലെ ബാക്കിയുള്ള 15 കോടി രൂപ നല്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

---

†അനുബന്ധം -VI

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) കേരള വ്യവസായ പുനരുദ്ധാരണ ഫണ്ടിനു വേണ്ടി ഒരു തവണമാത്രമേ കടപ്പത്രം വഴി ധനം സമാഹരിച്ചിട്ടുള്ളു.

(ഐ) 31-1-2001 ലെ കണക്കനുസരിച്ച് കേരള വ്യവസായ പുനരുദ്ധാരണ ഫണ്ടിൽ നിന്നും കമ്പനികൾക്ക് നൽകിയ ചെക്കുകളിൽ ട്രഷറി നിയന്ത്രണം മൂലം മാറാൻ കഴിയാത്ത കമ്പനിയുടെ വിവരം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി വച്ചിട്ടുണ്ട്.†

പൂട്ടിക്കിടക്കുന്ന വ്യവസായങ്ങൾ

9 (573) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൂട്ടിക്കിടന്ന എത്ര വ്യവസായങ്ങൾ തുറന്നു പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റയിൽസ് തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ;

(സി) ഈ വ്യവസായശാല എന്ന് തുറന്നു പ്രവർത്തിക്കുവാനാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത് എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ള താഴെ പറയുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിച്ചു.

(1) അഫിലിയേറ്റഡ് മെഡിക്കൽ എക്യൂപ്മെന്റ്സ് ലി., എറണാകുളം

(2) വെസ്റ്റേൺ എഡിബിൾ ഓയിൽ കോംപ്ലക്സ് ലി., വയനാട്

(3) ഗുജറാത്ത് ഇൻജക്ട് കേരള ലിമിറ്റഡ്, പാലക്കാട്

(4) പ്രൈം കോട്ടൺസ് പ്രൈ.ലി., കണ്ണൂർ

(5) റ്റി ടെക്സ് പ്രോസ്സസിംഗ് കോപ്ലംക്സ് ലി., പാലക്കാട്

പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സോപ്സ് ആന്റ് ഓയിൽസും (കോഴിക്കോട്) കെ.എസ്.ഡി.പി.യുടെ വൈറ്റമിൻ 'എ' ഡിവിഷൻ (ആലപ്പുഴ) എന്നിവ തുറന്നു പ്രവർത്തിപ്പിക്കുകയുണ്ടായി. ചെറുകിട വ്യവസായ മേഖലയിൽ പൂട്ടിക്കിടന്ന 77 യൂണിറ്റുകൾ തുറന്നു പ്രവർത്തിപ്പിക്കുകയുണ്ടായി.

---

†അനുബന്ധം -VI (a)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[26-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 8 (571)-ന്റെ ഉത്തരം ദയവായി കാണുക]

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടഞ്ഞ് കിടന്നിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ.

1. Chalakudy Refractories Ltd.
2. Kerala Premo Pipe Factory Ltd.
3. Kerala State Salicylates & Chemicals Ltd.
4. Kerala State Wood Industries Ltd.
5. Keltron Power Devices Ltd.
6. Kerala State Coconut Development Corporation Ltd.
7. Sidco Mohan Kerala Ltd.
8. Kerala Soaps and Oils Ltd.
9. Vitamin A Division of Kerala State Drugs and Pharmaceuticals Ltd.

അനുബന്ധം VI (a)

[26-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 8 (571) -ന്റെ ഉത്തരം ദയവായി കാണുക]

31.01.2001 ലെ കണക്കനുസരിച്ച് കേരള വ്യവസായ പുനരുദ്ധാരണ ഫണ്ടിൽ നിന്നും കമ്പനികൾക്ക് നൽകിയ ചെക്കുകളിൽ ട്രഷറി നിയന്ത്രണം മൂലം മാറാതെയുള്ളവയുടെ വിവരം കാണിക്കുന്ന സ്റ്റേറ്റ്മെന്റ്.

1.	Trichur Co-operative Spining Mills Ltd.	81.00
2.	Transformers and Electricals Ltd.	400.00
3.	Kerala State Electronics Dev. Corporation Ltd.	2500.00
4.	Cannanore Co-operative Spinning Mills Ltd.	200.00
5.	The Kerala Ceramics Ltd.	45.00
6.	Kerala State Drugs and Pharmaceuticals Ltd.	235.00

LIBRARY ARCHIVES Kerala Legislative Assembly

7.	Malappuram Co-operative Spinning Mills Ltd.	573.00
8.	Kerala Electrical and Allied Engineering Company Ltd.	325.00
9.	Tranvancore Cochin Chemicals Ltd.	350.00
10.	Steel Industrials Kerala Ltd.	825.00

അനുബന്ധം VII

[26-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 13 (580) ന്റെ ഉത്തരം മറുഭാഷയിൽ കാണുക]

GOVERNMENT OF KERALA

Abstract

INDUSTRIES DEPARTMENT - PUBLIC SECTOR UNDERTAKINGS - TRANSFORMERS AND ELECTRICALS KERALA LIMITED REHABILITATION PACKAGE TO BE SUBMITTED BEFORE THE BIFR - ORDERS ISSUED.

INDUSTRIES (H) DEPARTMENT

G.O.(Ms.)No.156/2000/ID *Dated, Thiruvananthapuram, 26 - 12-2000.*

Read:1. Proceedings of the BIFR hearings held on 17-12-2000 and 4-9-2000.

2. Letter No.IR/57/TELK/25 dated, 11-10-2000 from the Assistant General Manager (Industrial Rehabilitation) SBT, Thiruvananthapuram.

3. Correspondence resting with the letter No.ACS/GOK/2000/853 dated, 21-10-2000 from the Chairman Managing Director, Transformers and Electricals Kerala Limited.

4. G.O(Ms)No.152/2000/ID dated, 6-12-2000

ORDER

The Transformers and Electricals Kerala Limited (TELK) is now under a BIFR package. The BIFR reviewed the performance of the Company in the meeting held on 17-1-2000 at New Delhi and had directed the Company/State Government to submit a revised rehabilitation Proposal for the revival of TELK to the Monitoring Agency (ie the State Bank of Travancore) within three months from the date of the above meeting. Subsequently the Company had appointed M/s.Jampani & Kotela as the consultant for preparing a rehabilitation proposal and they had prepared a proposal accordingly. A series of discussions were held at the Government

LIBRARY ARCHIVES Kerala Legislative Assembly